തുടങ്ങിയ കാരണങ്ങളാൽ ചില ഭാഗങ്ങളിൽ റോഡുകൾക്ക് തകരാറുകൾ സംഭവിക്കുകയും വാഹനയാത്രക്കാർക്ക് ഭീഷണിയാകുകയും ചെയ്യുന്ന സ്ഥിതി വിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. റോഡിലെ കുണ്ടുംകുഴിയും ശ്രദ്ധയിൽപ്പെടുന്ന അവസരത്തിൽ ആയവ സമയബന്ധിതമായി അറ്റകുറ്റപ്പണി ചെയ്ത് ഗതാഗതയോഗ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) വിവിധ വകുപ്പുകൾ പൊതുമരാമത്ത് വകുപ്പ് റോഡുകൾ കുഴിച്ച് പൈപ്പുകളും കേബിളുകളും സ്ഥാപിക്കുന്നതുമൂലം റോഡുകൾ തകർന്നുണ്ടാകുന്ന അപകടങ്ങൾ കുറയ്ക്കാൻ ബന്ധപ്പെട്ട വകുപ്പുകൾക്ക് സർക്കാർ എന്തെങ്കിലും മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ടോ;

&

(സി) എങ്കിൽ ഇതുസംബന്ധിച്ചുള്ള വിശദവിവരം നൽകുമോ?

(ബി&സി) വിവിധ വകുപ്പുകൾ പൊതുമരാമത്ത് റോഡുകൾ കുഴിച്ച് പൈപ്പുകളും കേബിളുകളും സ്ഥാപിക്കുന്നത് സംബന്ധിച്ച് 5-1-2018-ലെ സ.ഉ.(സാധാ)നമ്പർ 30/2018/ പൊ.മ.വ., 24-8-2018-ലെ സ.ഉ.(സാധാ) നമ്പർ 1321/2018/പൊ.മ.വ. എന്നിവ പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നിലവിലുണ്ട്. കൂടാതെ 30-7-2020-ലെ സ.ഉ.(കൈ) നമ്പർ 59/2020/പൊ.മ.വ. പ്രകാരം റോഡ് കുഴിക്കുന്നതിനുള്ള അപേക്ഷകൾക്കെല്ലാം തന്നെ Right of Way of Portal മുഖേനയാണ് അനുമതി നൽകുന്നത്. ഈ പോർട്ടലിൽ നിരത്ത് വിഭാഗത്തിന് കീഴിൽ ഭരണാനുമതി ലഭിച്ചിട്ടുള്ള പ്രവൃത്തികളെല്ലാംതന്നെ പ്രസിദ്ധപ്പെടുത്തുന്നുണ്ട്. ആയതിനാൽ വിവിധ വകുപ്പുകൾക്ക് തങ്ങളുടെ പദ്ധതികൾ മുൻകൂട്ടി ആസൂത്രണം ചെയ്യുന്നതിന് സാധിക്കുന്നതാണ്. ഇതുവഴി പുതുതായി നിർമ്മിച്ച റോഡുകൾ കുഴിക്കേണ്ടിവരുന്ന സാഹചര്യം പരമാവധി ഒഴിവാക്കാൻ സാധിക്കുന്നതാണ്.

**പാറശ്ശാല നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകൾ**

71(681) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകളുടെ പേരും ദൈർഘ്യവും തരംതിരിച്ചുള്ള വിവരം ലഭ്യമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കഴിഞ്ഞ സർക്കാർ കാലയളവിൽ നവീകരണത്തിനായി അനുമതി ലഭിച്ച നിയോജകമണ്ഡലത്തിലെ റോഡുകളുടെ പേരുവിവരവും തുകയും പദ്ധതിയുടെ നിലവിലെ സ്ഥിതിയും ലഭ്യമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

(സി) നിയോജകമണ്ഡലത്തിൽ കിഫ്ബി വഴി അനുമതി ലഭിച്ച റോഡുകൾ, തുക, അവയുടെ നിലവിലെ സ്ഥിതി എന്നിവ വിശദമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

**വാമനപുരം നിയോജകമണ്ഡലത്തിലെ പി.ഡബ്ല്യൂ.ഡി. റോഡുകൾ**

72(682) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിന്റെ പരിധിയിൽ എത്ര കിലോമീറ്റർ പി.ഡബ്ല്യൂ.ഡി. റോഡുണ്ടെന്ന് അറിയിക്കാമോ?

വാമനപുരം നിയോജകമണ്ഡലത്തിന്റെ പരിധിയിൽ 262.605 കി.മീ., പി.ഡബ്ല്യൂ.ഡി. റോഡുണ്ട്.

(ബി) അതിൽ എത്ര കിലോമീറ്റർ ദൂരം ആധുനികരീതിയിൽ നവീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

121.73 കിലോമീറ്ററോളം ആധുനികരീതിയിൽ നവീകരിച്ചിട്ടുണ്ട്.

(സി) നവീകരിക്കുന്നതിന് ഭരണാനുമതി ലഭിച്ചവയിൽ പൂർത്തീകരിക്കാനുള്ളവ ഏതൊക്കെയെന്നും അവയുടെ നിലവിലെ സ്ഥിതിയും അറിയിക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) ഒരു പദ്ധതിയിലുമുൾപ്പെടാത്തതും നവീകരിക്കേണ്ടതുമായ റോഡുകളേതൊക്കെയെന്നും അവ നവീകരിക്കുന്നതിനാവശ്യമായ തുക എത്രയെന്നും വിശദമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly